**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1613** **19-09-2025 - ൽ മറുപടിയ്ക്ക്**

**അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് പുറംപോക്ക് ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (എ) | അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുള്ള അരൂർ വില്ലേജിലെ സർവ്വേ നമ്പർ 13/5B ൽ പ്പെട്ടതും രേഖകൾ പ്രകാരം 25.50 ആർസ് വിസ്തീർണ്ണം ഉള്ളതുമായ വസ്തു അരൂർ വില്ലേജിലെ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം പണ്ടാരവക പാട്ടമായി 'അരൂർ ഭഗവതിയെ എഴുന്നള്ളിച്ചിരുന്ന വെളിത്തറ' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം പണ്ടാരവക പാട്ടമായി 'അരൂർ ഭഗവതിയെ എഴുന്നള്ളിച്ചിരുന്ന വെളിത്തറ' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാലും ടി വസ്തു ദേവസ്വം ബോർഡിന്റെ കൈവശത്തിലുള്ളതിനാലും പ്രസ്തുത ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറുന്നതിനായി ദേവസ്വം ബോർഡിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമാക്കേണ്ടതുണ്ടായിരുന്നു.<br><br>പ്രസ്തുത ഭൂമി അരൂർ ദേവസ്വം കാർത്യായനി ക്ഷേത്രത്തിന്റെ വകയായിട്ടുള്ളതാണെന്നും തിരുവിതാംകൂർ ദേവസ്വത്തിന്റെ അറിവോ സമ്മതമോ കൂടാതെ കൈമാറരുതെന്നും വൈക്കം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ അറിയിച്ചിട്ടുള്ളതാണ്. തുടർന്ന് ദേവസ്വം അധികൃതർ ബഹു. ഹൈക്കോടതിയിൽ DBP No. 8/2023 ആയി കേസ് ഫയൽ ചെയ്യുകയും തുടർന്ന് 16.08.2023 തീയതിയിലെ വിധി പ്രകാരം റവന്യൂ സെക്രട്ടറി മൂന്ന് മാസത്തിനകം ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട് തീരുമാനമെടുക്കാൻ നിർദ്ദേശിച്ചിരുന്നു. കേസിനാസ്പദമായ ഭൂമിയുടെ സ്റ്റാറ്റസ് നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ